## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1785** **06.07.2015 ന് മറുപടിയ്ക്ക്**

### മദ്യനയവും വരുമാനവും

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.കെ.ബാലൻ<br>ശ്രീമതി.കെ.കെ.ലതിക<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.വി.ചെന്താമരാക്ഷൻ :** | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മദ്യനയം സംബന്ധിച്ച നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്ന വർഷംതന്നെ പ്രസ്തുത നിലപാട് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായോ ; എങ്കിൽ ആ വർഷവും ബാറുകളുടെ ലൈസൻസ് പുതുക്കുകയും പുതിയ ബാറുകൾ അനുവദിക്കുകയും ചെയ്തത് എന്തുകൊണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ; | (എ) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുക എന്ന സർക്കാരിന്റെ അബ്കാരി നയത്തിന്റെ ഭാഗമായി ആദ്യഘട്ട ത്തിൽ ബാർ ലൈസൻസ് നൽകാവുന്ന പട്ടികയിൽ നിന്നും 3 സ്റ്റാർ ഹോട്ടലുകളെ ഒഴിവാക്കി. ഇത് സർക്കാർ നിലവിൽ വന്ന ആദ്യ വർഷം തന്നെയാണ്. തുടർന്നുള്ള വർഷങ്ങളിൽ 4 സ്റ്റാർ ഹോട്ടലുകളെ ഒഴിവാക്കി. ഇതു സംബന്ധിച്ച് ബഹു: കോടതിയിൽ വിവിധ കേസ്സുകൾ ഹോട്ടൽ ഉടമസ്ഥർ ഫയൽ ചെയ്തെങ്കിലും ബഹു: ഹൈക്കോടതി സർക്കാരിന്റെ അബ്കാരി നയം അംഗീകരിച്ചു. നിലവാരമില്ലാത്ത ബാറുകൾ എന്ന് സി & എ.ജി റിപ്പോർട്ടിൽ പരാമർശിച്ചതും ബഹു: സുപ്രീംകോടതി നിരീക്ഷിച്ചതുമായ 418 ബാറുകൾ 2014-15 വർഷം പുതുക്കേണ്ട എന്ന് തീരുമാനിച്ചു. തുടർന്ന് 2014 ആഗസ്റ്റ് മുതൽ 5 സ്റ്റാർ ഒഴികെയുള്ള ഹോട്ടലുകളിലെ ബാറുകൾ പൂട്ടാൻ തീരുമാനിച്ചു. എന്നാൽ ബഹു: ഹൈക്കോടതിയുടെ താൽക്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഹോട്ടലുകൾ 2015 മാർച്ച് 31 വരെ പ്രവർത്തിച്ചു. 31.03.2015 ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 01.04.2015 മുതൽ 5 സ്റ്റാറിന് താഴെ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകളിലെ FL3 ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്തതാകുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ബാറുകളും മദ്യവില്പന | (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 680 |

ശാലകളും നിലവിലുണ്ടായിരുന്നു ; എത്ര ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട് ;

ബാറുകളും 384 മദ്യവില്പന ശാലകളും(എഫ്.എൽ-1 ഷോപ്പ്) നിലവിലുണ്ടായിരുന്നു. 64 ബാറുകൾക്ക് പുതിയതായി ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) മദ്യനയത്തിന്റെ ഫലമായി സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ ; 2010-11 ൽ വരുമാനം എത്രയായിരുന്നു ; 2014-15 ൽ വരുമാനം എത്രയായി വർദ്ധിച്ചു ; 2015-16 ലെ ബജറ്റിൽ സ്റ്റേറ്റ് എക്സൈസ് വഴി പ്രതീക്ഷിക്കുന്ന വരുമാനം എത്ര ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 എഫ്-എൽ-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 52 എഫ്.എൽ-1 വിദേശമദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവു വരുത്തിയിട്ടുണ്ട്. 710 എഫ്-എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുകൊണ്ട് മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.30 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

2010 -11 ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1704.69 കോടി രൂപയായിരുന്നു. 2013 -14 ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1931.89 കോടി രൂപയായിരുന്നു. 2014 -15 ൽ സ്റ്റേറ്റ് എക്സൈസ് വരുമാനം 1778.07 കോടി രൂപയാണ്. 2015-16 -ലെ ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാന ലക്ഷ്യം 2600.66 കോടി രൂപയാണ്.

(ഡി) മദ്യനയത്തിന്റെ ഫലമായി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ശരാശരി എത്ര കോടി രൂപ പ്രതിവർഷം ഖജനാവിന് നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു ; വിശദമാക്കാമോ?

(ഡി) ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലും കുറവും വരുമാനം ലഭിച്ച വർഷത്തെ ശതമാനകണക്ക് ചുവടെ ചേർക്കുന്നു.

| **വർഷം** | **ബഡ്ജറ്റ് തുക** (കോടിയിൽ) | **കളക്ഷൻ** (കോടിയിൽ) | **വ്യത്യാസം (ശതമാനത്തിൽ)** |
|---|---|---|---|
| 2005-06 | 825.82 | 835.23 | +1 .13 |
| 2006-07 | 944.73 | 951.65 | +0.73 |
| 2007-08 | 986.86 | 1185.19 | +20.0 |
| 2008-09 | 1299.85 | 1369.13 | +5.32 |
| 2009-10 | 1440.52 | 1533.31 | +6.44 |
| 2010- 11 | 1836.21 | 1704.69 | -7.16 |
| 2011-12 | 2059.04 | 1888.88 | -8.28 |
| 2012 -13 | 2550.65 | 2249.75 | -11.79 |
| 2013-14 | 2801.75 | 1931.89 | -31.04 |
| 2014-15 | 3208.36 | 1778.07 | - 44.58 |

**സെക്ഷൻ ഓഫീസർ**